"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതിയിൽ നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്.**

**സ.ഉ.(സാധാ) നം.724/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 31/03/2020

---

**ഉത്തരവ്**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും നിർവ്വഹണം പൂർത്തിയാകാത്തതുമായ പ്രോജക്ടുകൾ 2020-21 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

1. കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ മാർച്ച് അവസാനം ബില്ലുകൾ സമർപ്പിക്കാൻ കഴിയാതിരുന്ന സാഹചര്യം കണക്കിലെടുത്ത് ഏപ്രിൽ 18 വരെ ബില്ലുകൾ സമർപ്പിക്കാവുന്നതാണ്. 2020 മാർച്ച് 31 വരെ ട്രഷറിയിൽ സമർപ്പിച്ചതും എന്നാൽ പണം മാറിനൽകാത്തതുമായ ബില്ലുകളും ഏപ്രിൽ 18 വരെ സമർപ്പിക്കുന്ന ബില്ലുകളും പെന്റിങ് ബില്ലുകൾ എന്ന് കണക്കാക്കി ഏപ്രിൽ മാസത്തിൽ മാറി നൽകുന്നതാണ്. തുടക്കത്തിൽ 2020-21 ലെ ബജറ്റ് വിഹിതത്തിൽ നിന്നാണ് തുക നൽകുക. എന്നാൽ ബജറ്റ് വിഹിതം പൂർണമായി ചെലവഴിക്കുന്ന മുറയ്ക്ക് ചുവടെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി, 2020-21 ലെ ബജറ്റ് വിഹിതത്തിന് പുറമേ, ആവശ്യമെങ്കിൽ അധികമായി അനുവദിച്ച് നൽകുന്നതാണ്. ഇപ്രകാരം പെന്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകളും 2020-21 വാർഷിക പദ്ധതിയിൽ സ്പിൽഓവർ പ്രോജക്ടുകളായി നിർബന്ധമായും ഉൾപ്പെടുത്തേ ണ്ടതാണ്. മാർച്ച് 31 നു മുൻപ് ടെണ്ടർ നടപടികൾ പൂർത്തീകരിച് കരാർ ഒപ്പ് വെച്ച പ്രൊജെക്ടുകൾ , നിലവിൽ നടന്നു വരുന്ന പ്രൊജെക്ടുകൾ എന്നിവ മാത്രമേ സ്പിൽ ഓവറായി പരിഗണിക്കുകയുള്ളൂ .

2. 2019-20-ൽ ബജറ്റ് വിഹിതമായി അനുവദിച്ച തുക പൂർണമായി ചെലവഴിക്കാൻ കഴിയാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് താഴെ പറയുന്ന പ്രകാരം 2020-21-ലെ ബജറ്റ് വിഹിതത്തിനു ഉപരിയായി അധിക തുക അനുവദിക്കുന്നതാണ്.

3. ഏപ്രിൽ 18 വരെ സമർപ്പിക്കുന്ന ബില്ലുകൾ കൂടി പരിഗണിച്ചാണ് അനുവദിക്കാൻ കഴിയുന്ന അധിക തുക എത്രയെന്ന് നിശ്ചയിക്കുക. 2020 മാർച്ച് 31-ലെ പെന്റിംഗ് ബിൽ തുകയോടൊപ്പം ഏപ്രിൽ 18 വരെ സമർപ്പിക്കുന്ന ബില്ലുകൾ കൂടി കൂട്ടിയാൽ ലഭിക്കുന്ന തുകയോ ചുവടെ പ്രതിപാദിക്കുന്ന പരിധിയോ ഇവയിൽ ഏതാണോ കൂടുതൽ അത് അധിക

തുകയായി അനുവദിക്കുന്നതാണ്.

- ഗ്രാമപഞ്ചായത്തുകൾ : 2019-20 ലെ ബജറ്റ് വിഹിതത്തിന്റെ 25 ശതമാനം
- ബ്ലോക്ക് പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ : 2019-20 ലെ ബജറ്റ് വിഹിതത്തിന്റെ 30 ശതമാനം
- ജില്ലാ പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ : 2019-20 ലെ ബജറ്റ് വിഹിതത്തിന്റെ 35 ശതമാനം

4. 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും ഭൗതികവും സാമ്പത്തികവുമായ നിർവ്വഹണം പൂർത്തിയാകാത്തതുമായ പ്രോജക്ടുകൾ 2020-21 സാമ്പത്തിക വർഷത്തിൽ ഭരണ സമിതി തീരുമാന പ്രകാരം തുടർന്ന് നിർവ്വഹണം നടത്താവു ന്നതാണ്. എന്നാൽ ഈ ഉത്തരവ് പ്രകാരം അനുവദിക്കാൻ കഴിയുന്ന അധിക വിഹിതത്തിന് പുറമേയുള്ള സ്പിൽഓവർ ബാധ്യത 2020-21 ലെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും

എല്ലാ നഗരസഭാ ചെയർമാൻ മാർക്കും സെക്രട്ടറിമാർക്കും

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

ഡയറക്ടർ, കില

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്

-ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്-----

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ